## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4178

16.12.2014-ൽ മറുപടിക്ക്

### ഭവന രഹിതർക്ക് വീട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭവന രഹിതർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കാമോ; | (എ) സംസ്ഥാനത്തെ ഭവന രഹിതർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് ഭവന നിർമ്മാണ ബോർഡു മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രീ-ഫാബ്രിക്കേറ്റഡ് വീടുകൾ നിർമ്മിച്ച് നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | (ബി) വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

## 1. സാഫല്യം ഭവന പദ്ധതി

സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ദുർബ്ബല വിഭാഗത്തിൽപ്പെട്ട ബി.പി.എൽ വിഭാഗക്കാർക്ക് സർക്കാർ സബ്സിഡിയോടുകൂടി പഞ്ചായത്തുമായി സഹകരിച്ച് ഫ്ലാറ്റുകൾ നിർമ്മിച്ച നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലൂടെ ലഭ്യമായ 1 കോടി രൂപയും 2013-14 വർഷത്തെ ബഡ്ജറ്റിലൂടെ ലഭ്യമായ 5 കോടി രൂപയും വിനിയോഗിച്ച് ബോർഡ് താഴെപറയുന്ന സ്ഥലങ്ങളിൽ 216 ഫ്ലാറ്റുകൾ നിർമ്മിച്ച വരുന്നു.

1) കൊല്ലം - ചാത്തന്നൂർ - 48 ഫ്ളാറ്റുകൾ
2) എറണാകുളം - ചോറ്റാനിക്കര - 54 ഫ്ളാറ്റുകൾ
3) തൃശ്ശൂർ - പുതുക്കാട് - 48 ഫ്ളാറ്റുകൾ
4) കോഴിക്കോട് - ചേളന്നൂർ - 66 ഫ്ളാറ്റുകൾ

2014-15 സാമ്പത്തിക വർഷത്തെ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപ സബ്സിഡിയായി വിനിയോഗിച്ച് 500 ഫ്ലാറ്റുകൾ കൂടി രണ്ടാം ഘട്ടമായി നിർമ്മിക്കാവുന്നതാണ്. രണ്ടാംഘട്ട പദ്ധതികളിൽ എറണാകുളം ജില്ലയിലെ ഇലഞ്ഞി പഞ്ചായത്തിൽ 48 ഫ്ലാറ്റുകളും പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ പഞ്ചായത്തിൽ 66 ഫ്ലാറ്റുകളും നിർമ്മിക്കുവാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഊരകം പഞ്ചായത്തിൽ 48 ഫ്ലാറ്റുകളും കാസർഗോഡ് ജില്ലയിൽ ചെമ്മനാട് പഞ്ചായത്തിൽ 24 ഫ്ലാറ്റുകളും നിർമ്മിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച വരുന്നു. പഞ്ചായത്തിന്റെ പരിപൂർണ്ണ സഹകരണം ഉറപ്പാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പഞ്ചായത്തിന്റെ ഭൂമിയിൽ പഞ്ചായത്ത് വിഹിതമായി 1 ലക്ഷം രൂപ/ഫ്ലാറ്റ് -ഉം ലഭ്യമാക്കുന്ന പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്.

## 2. ഗൃഹശ്രീ ഭവന പദ്ധതി

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയുള്ള ദുർബല വിഭാഗം (BPL/APL)/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീടു നിർമ്മാണത്തിനായി സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. 2013-14 സാമ്പത്തിക വർഷത്തെ സർക്കാർ ബഡ്ജറ്റിലൂടെ ലഭ്യമായ 10.50 കോടി രൂപ വിനിയോഗിച്ച് 525 വീടുകൾക്ക് സബ്സിഡി നൽകി വരുന്നു. 2014-15 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള 14.19 കോടി രൂപ വിനിയോഗിച്ച് 709 വീടുകൾക്കുകൂടി സബ്സിഡി നൽകാവുന്നതാണ്.

# അനുബന്ധം 2

കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വില വർദ്ധനവും കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കുറവും വർദ്ധിച്ച കൂലിയും കാരണം കെട്ടിട നിർമ്മാണ ചെലവ് ദിനംപ്രതി വർദ്ധിച്ച് വരുന്നതിനാൽ കെട്ടിട നിർമ്മാണത്തിന് നൂതനമായ സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കൊച്ചിയിലെ പൊതുമേഖലാ സ്ഥാപനമായ FACT- ന്റെ ഒരു ഉപ-ഉൽപ്പന്നമായ GRFG (ഗ്ലാസ് ഫൈബർ റീ-ഇൻഫോഴ്സ്ഡ് ജിപ്സം) പാനലുകൾ മദ്രാസ് ഐ.ഐ.ടി- യുടെ സാങ്കേതിക സഹായത്തോടെ കെട്ടിട നിർമ്മാണ രംഗത്ത് ഇപ്പോൾ ഉപയോഗിച്ച് വരുന്നുണ്ട്. ഈ സാങ്കേതിക വിദ്യ ബോർഡ് നിർമ്മിക്കുന്ന പദ്ധതികൾക്കും പ്രയോജനപ്പെടുത്തുന്നതിന്റെ തുടക്കമായി ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതി ഈ വിദ്യയിലൂടെയാണ് നിർമ്മിക്കുന്നത്. ഈ നിർമ്മാണ രീതിയ്ക്ക് സിമന്റ്, മണൽ, ചല്ലി, കമ്പി എന്നിവയുടെ ഉപയോഗം കുറഞ്ഞതോതിൽ മതിയാകുന്നതാണ്. ചുമരുകൾ സിമന്റ് പൂശേണ്ട ആവശ്യമില്ല. തറയുടെയും സ്ലാബുകളുടെയും നിർമ്മാണത്തിനും ഈ പാനലുകൾ ഉപയോഗിക്കുവാൻ സാധിക്കുന്നതിനാൽ കോൺക്രീറ്റ് പരിമിതമായ തോതിൽ മാത്രം മതിയാകുന്നതാണ്. തൊഴിലാളികൾ കുറച്ച് മതി. കുറഞ്ഞ നിർമ്മാണ കാലാവധിക്കുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കാവുന്നതാണ്. പത്തു നിലകൾ വരെയുള്ള കെട്ടിടങ്ങൾക്ക് ഈ നിർമ്മാണ വിദ്യ ഉപയോഗിക്കാവുന്നതാണ്. പരമ്പരാഗത രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാവശ്യമായ കാലയളവിന്റെ പകുതി സമയം കൊണ്ട് ഈ രീതിയിൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയും.